**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 496** **06-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കിഫ്ബി വഴി എത്രകോടി രൂപയുടെ പദ്ധതികൾക്കാണ് 2016 മുതൽ നാളിതുവരെ ഭരണാനുമതി നൽകിയത് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കിഫ്ബി വഴി നാളിതുവരെ 73,908.64 കോടി രൂപയുടെ പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്. |
| (ബി) | ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നിർവ്വഹണം ആരംഭിച്ചതെന്നും അതിൽ എത്ര പദ്ധതികൾ പൂർത്തിയായിയെന്നും അറിയിക്കുമോ; | (ബി) | ഇതിൽ 24,509.23 കോടി രൂപയുടെ പദ്ധതികൾ നിർവ്വഹണം ആരംഭിച്ചിട്ടുള്ളതും 6201.35 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് എത്ര കോടി രൂപ ഇതുവരെ നൽകിയെന്നും ഇനി എത്ര കോടി രൂപയാണ് നൽകുവാനുള്ളതെന്നും അറിയിക്കുമോ; | (സി) | കിഫ്ബി നാളിതുവരെ 73,908.64 കോടി രൂപയുടെ പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി അനുസരിച്ച് ഭരണ വകുപ്പിനു വേണ്ടി എസ്.പി.വി കൾ ബില്ലുകൾ പരിശോധിച്ച് തുക പാസാക്കി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ച് 30.11.2022 വരെ കിഫ്ബി 22,188 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. പദ്ധതികൾ പുരോഗമിക്കുന്ന മുറയ്ക്ക് ബാക്കി കണക്കാക്കി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടത് എസ്.പി.വി കൾ ആണെന്നതിനാൽ അത്തരം ഉത്തരവുകൾ കിഫ്ബിയിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ബാക്കി തുക അറിയുവാൻ കഴിയുകയുള്ളൂ. പാസാക്കുന്ന തുകകൾ സമയബന്ധിതമായി റിലീസ് ചെയ്യുന്നതിനുള്ള ശക്തമായ ഇ-ഗവർണൻസ് സംവിധാനങ്ങൾ കിഫ്ബിയിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | കിഫ്ബിയുടെ വരുമാന സ്രോതസ്സുകൾ ഏതൊക്കെയാണെന്നും ഈയിനത്തിൽ എത്ര കോടി രൂപ ശേഖരിച്ചുവെന്നും വിശദമാക്കാമോ? | (ഡി) | കിഫ്ബിയുടെ വരുമാന സ്രോതസ്സുകളും അവ മുഖേന ശേഖരിച്ച തുകയും ചുവടെ ചേർക്കുന്നു. |

| **സ്രോതസ്സ്** | **തുക** |
|---|---|
| Grant Received from GOK | 2820.49 കോട |
| MVT & Cess | 11563.64 കോടി |
| Loans | 14058.96 കോടി |
| Masala Bond | 2150 കോടി |

| | | | | | |
|---|---|---|---|---|---|
| | | | | KSFE Pravasi Chitty Bonds | 782.57 കോടി |
| | | | | NORKA Divident Scheme | 308.25 കോടി |
| | | | | **Total** | **31683.91 കോടി** |

സെക്ഷൻ ഓഫീസർ